(സി) കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മാണത്തിന് നൽകിയിട്ടുള്ള അനുമതിയുടെ വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. *

(ഡി&ഇ) ഭൂജലവകുപ്പിനെ കൂടാതെ കുഴൽക്കിണർ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന പ്രൈവറ്റ് ഏജൻസികളെ നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്ത് പ്രവൃത്തിക്കുന്ന റിഗ്ഗുകൾ ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യുംവിധം കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) കേന്ദ്രഭൂജല ബോർഡും സംസ്ഥാന ഭൂജല വകുപ്പും സംയുക്തമായി ഓരോ അഞ്ച് വർഷം കൂടുന്തോറും സംസ്ഥാനത്തെ ഭൂജലശേഖരം സംബന്ധിച്ച പഠനം നടത്തിവരുന്നു. ഇത് സംബന്ധിച്ച് ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് സമർപ്പിച്ചത് 2004-ലാണ്. കഴിഞ്ഞ 5 വർഷത്തെ ഭൂജലശേഖരം സംബന്ധിച്ച് പഠനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ജി) അനിയന്ത്രിതമായ കുഴൽക്കിണർ നിർമ്മാണം ഗ്രൗണ്ട് വാട്ടർ ലെവലിനെ ബാധിക്കുന്നത് സംബന്ധിച്ച് പൊതുവായ പഠനങ്ങൾ ഭൂജല വകുപ്പ് നടത്തിയിട്ടില്ല. ചില പ്രദേശങ്ങളിൽ അനിയന്ത്രിതമായ ഭൂജല ഉപയോഗംമൂലം ജലനിരപ്പ് താഴ്ന്നതായി കണ്ടിട്ടുണ്ട്. ഉദാഹരണമായി കൊക്കോകോള കമ്പനിയുടെ പ്രവൃത്തനം പ്ലാച്ചിമടയിൽ ഗ്രൗണ്ട് വാട്ടർ ലെവലിനെ ബാധിച്ചിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതുകൂടാതെ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്ത് 366 തുറന്ന കിണറുകളിൽ നിന്നും 392 പീസോമീറ്ററുകളിൽ നിന്നും വാട്ടർ ലെവൽ ഡാറ്റാ ശേഖരിച്ച് പഠന വിധേയമാക്കി വരുന്നു.

(എച്ച്) റിപ്പോർട്ട് അനുബന്ധം II ആയി ചേർക്കുന്നു. *

കിള്ളിയാറിന്റെ ബണ്ട് പൊട്ടിയതുകൊണ്ടുണ്ടായ നാശനഷ്ടം

46 (2144) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് കാഞ്ഞിരംപാറ-തച്ചക്കരയിൽ കിള്ളിയാറിന്റെ ബണ്ട് പൊട്ടിയതുമൂലം നൂറോളം വീടുകൾക്കും റോഡ്, മതിൽ മുതലായവയ്ക്കുമുണ്ടായ നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) പൊട്ടിയ ബണ്ട് അടിയന്തരമായി പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) മണ്ണുകൊണ്ടുള്ള ബണ്ടിന്റെ പല ഭാഗങ്ങൾക്കും ബലക്ഷയമുള്ളതിനാൽ ആവശ്യമായ പുനരുദ്ധാരണ ജോലികൾ അടുത്ത മഴക്കാലത്തിനു മുമ്പ് നടത്തുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരത്ത് കാഞ്ഞിരംപാറ തച്ചക്കരയിൽ കിള്ളിയാറിന്റെ ബണ്ട് പൊട്ടിയതുമൂലം ഉണ്ടായ നാശനഷ്ടം വിലയിരുത്തിയതിൽ പ്രസ്തുത ഭാഗത്ത് ഫ്ളഡ് ബണ്ടിന് കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് ഏകദേശം 12 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

(ബി) പൊട്ടിയ ബണ്ട് അടിയന്തരമായി പുനർ നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ബണ്ടിന്റെ ബലക്ഷയത്തെപ്പറ്റി പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

കുടിവെള്ളത്തിന്റെ ഉപയോഗത്തെപ്പറ്റി പഠനം

47 (2145) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിയിടങ്ങളിൽ എൻഡോസൾഫാൻ പോലുള്ള മാരക കീടനാശിനികൾ ഉപയോഗിക്കുന്നതിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ 44 നദികളിലേയും കുടിവെള്ളത്തിന്റെയും ഉപയോഗത്തെപ്പറ്റി പഠനം നടത്തുമോ ;

(ബി) അതിനുള്ള നടപടികൾ കാലവിളംബം കൂടാതെ സ്വീകരിക്കുമോ :

(സി) വർഷങ്ങൾക്കു മുമ്പ് പണിതീർത്ത ഭാഗത്തു മരങ്ങൾ മുളച്ചും മണ്ണിടിഞ്ഞും കിടക്കുന്ന ഭാഗങ്ങൾ വെടിപ്പാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കേരളത്തിലെ 44 നദികളിലേയും വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് വേണ്ടി കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടിയുള്ള ഒരു പഠനത്തിന് സംസ്ഥാനതല കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പഠനം നടത്തുന്നതിലേയ്ക്കായി വാട്ടർ അതോറിറ്റിയുടെ കീഴിൽ നെടുമ്പിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠനത്തിന്റെ പ്രാരംഭ പ്രവൃത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സി.എൽ.ആർ., എസ്.എൽ.ആർ. ജീവനക്കാർക്ക് പെൻഷൻ

48 (2146) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1990-ൽ റഗുലറൈസ് ചെയ്ത സി.എൽ.ആർ., എസ്.എൽ.ആർ. ജീവനക്കാർക്ക് പെൻഷൻ നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഗ്രേഡ് കിട്ടുന്നതിന് അടിസ്ഥാനമായി സ്വീകരിച്ച സി.എൽ.ആർ. സർവ്വീസുകൂടി പരിഗണിച്ച് പെൻഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സന്നദ്ധമാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly